REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- അധ്യാപകനും സാമൂഹിക പ്രവർത്തകനുമായ സി സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ നാല് പേരെ രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു.
- മൻ കി ബാത് ടാലന്റ് ഹണ്ട് സീസൺ 5- ന്റെ ഫൈനൽ മത്സരം തിരുവനന്തപുരത്ത് തുടങ്ങി. കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ഉദ്ഘാടനം ചെയ്തു.
- ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ, ശുഭാംശു ശുക്ല ഉൾപ്പെട്ട നാലംഗ സംഘം നാളെ ഭൂമിയിലേക്ക് യാത്ര തിരിക്കും.
- ശബരിമലയിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ നടന്നു.
- പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്കാലത്തിനു തുടക്കമായി.
- ലോർഡ്സിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഉച്ചകഴിഞ്ഞ് ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും.

## വാർത്തകൾ വിശദമായി

വിവിധ മേഖലകളിലെ പ്രാവീണ്യവും സംഭാവനയും പരിഗണിച്ച് നാല് പേരെ രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യസഭയിലേക്ക് നാമനിർദ്ദേശം ചെയ്തു. കേരളത്തിൽ നിന്ന് അധ്യാപകനും സാമൂഹിക പ്രവർത്തകനുമായ സി സദാനന്ദൻ മാസ്റ്റർ ഇതിലുൾപ്പെടുന്നു. പ്രമുഖ അഭിഭാഷകൻ ഉജ്ജ്വൽ ദേവ്റാവു നികം, മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ് വർധൻ ശ്രിംഗ്ല,

ചരിത്രകാരിയും വിദ്യാഭ്യാസ പ്രവർത്തകയുമായ ഡോ. മീനാക്ഷി ജെയിൻ എന്നിവരെയുമാണ് രാഷ്ട്രപതി നാമ നിർദേശം ചെയ്തത്. കേന്ദ്രആഭ്യന്തര മന്ത്രാലയം പുറത്തിറക്കിയ വിജ്ഞാപനത്തിലാണ് ഇക്കാര്യം അറിയിച്ചത്.

നാമനിർദ്ദേശം ചെയ്യപ്പെട്ടവരെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇവരെ പ്രത്യേകം അഭിനന്ദിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ ...........

(വോയ്സ് ..........)

സി. സദാനന്ദൻ മാസ്റ്ററുടെ ജീവിതം ധീരതയുടെയും അനീതിക്കെതിരെയുള്ള പോരാട്ടത്തിന്റെയും പ്രതീകമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. അധ്യാപകൻ, സാമൂഹിക പ്രവർത്തകൻ എന്നീ നിലകളിൽ നടത്തിയ ശ്രമങ്ങൾ പ്രശംസനീയമാണെന്നും യുവജന ശാക്തീകരണത്തിൽ വലിയ പങ്ക് വഹിച്ചുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

നിയമ മേഖലയോടും ഭരണഘടനയോടുമുള്ള ഉജ്ജ്വൽ നികത്തിന്റെ സമർപ്പണം മാതൃകാപരമാണെന്ന് നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു.

നയതന്ത്രജ്ഞൻ, ബുദ്ധിജീവി, ചിന്തകൻ എന്നീ നിലകളിൽ ഹർഷ് വർധൻ ശ്യംഗ്ല മികവ് പുലർത്തിയിട്ടുണ്ടെന്ന് നരേന്ദ്ര മോദി പറഞ്ഞു.

പണ്ഡിത, ഗവേഷക, ചരിത്രകാരി എന്നീ നിലകളിൽ ഡോ. മീനാക്ഷി ജെയിൻ അതുല്യ വ്യക്തിത്വമാണെന്നും മോദി പറഞ്ഞു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സ്വദേശിയാണ് സി സദാനന്ദൻ മാസ്റ്റർ. വിദ്യാഭ്യാസ മേഖലയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1994 ജനുവരി 25-നുണ്ടായ രാഷ്ട്രീയ സംഘർഷത്തിൽ അദ്ദേഹത്തിന് ഇരുകാലുകളും നഷ്ടമായി. പിന്നീട് വീൽചെയറിലും മറ്റുമായി അദ്ദേഹം സാമൂഹ്യ പ്രവർത്തനം സജീവമായി തുടർന്നു. 2016, 2021 നിയമസഭാ തിരഞ്ഞെടുപ്പുകളിൽ കൂത്തുപറമ്പിലെ ബിജെപി സ്ഥാനാർഥിയായിരുന്നു. ഇക്കഴിഞ്ഞ ദിവസമാണ് അദ്ദേഹം ബിജെപി സംസ്ഥാന വൈസ് പ്രസിഡന്റ് സ്ഥാനത്തെത്തിയത്.

✪✪✪

രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദ്ദശം ചെയ്ത മുതിർന്ന ബിജെപി നേതാവും, പരിചയസമ്പന്നനായ വിദ്യാഭ്യാസ വിദഗ്ധനുമായ സദനന്ദൻ മാസ്റ്ററെ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ അഭിനന്ദിച്ചു. കമ്യൂണിസ്റ്റ് അക്രമത്തിൽ നിന്ന് ഉയർത്തെഴുന്നേറ്റ അദ്ദേഹം നമ്മുടെ പ്രതിരോധ ശക്തിയുടെ പ്രതീകമായും ലക്ഷക്കണക്കിന് ബിജെപി

പ്രവർത്തകർക്ക് പ്രചോദനമായും നിലകൊള്ളുന്നുവെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

സിംഗപ്പൂർ സന്ദർശനത്തിനെത്തിയ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് പോളിസിയുടെ ഹൃദയം സിംഗപ്പൂരാണെന്ന് ഡോ. ജയ്ശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ടെമാസെക് ഹോൾഡിംഗ്സിന്റെ നിയുക്ത ചെയർമാൻ ടിയോ ചീ ഹീനുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി. ഇന്ത്യയിലെ മാറ്റത്തെക്കുറിച്ചും, നിക്ഷേപ അവസരങ്ങളെക്കുറിച്ചും ഡോ. ജയ്ശങ്കർ സിംഗപ്പൂർ വിദേശകാര്യമന്ത്രിയെ ധരിപ്പിച്ചു.

സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ ചൈനയിലെ ടിയാൻജിനിൽ SCO വിദേശകാര്യമന്ത്രിമാരുടെ കൗൺസിൽ യോഗത്തിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

✪✪✪

സമൂഹത്തിന്റെ താഴെത്തട്ടിൽ നിന്ന് തന്നെ യുവ ജനതയെ കണ്ടെത്തി അവരുടെ കഴിവുകൾ വികസിപ്പിക്കാൻ അവസരം ഒരുക്കുക എന്നതാണ് മൻകീ ബാത്ത് ടാലന്റ് ഹണ്ട് പോലുള്ള വേദികൾ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ പറഞ്ഞു. കഴിവും നേതൃ ഗുണവുമുള്ള യുവജനങ്ങളെ രാഷ്ട്ര വികസനത്തിൽ പങ്കാളികളാക്കുക എന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തിന് കരുത്തേകുന്നതാണ് ഈ ഉദ്യമമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി മേരാ യുവ ഭാരതും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച മൻ കീ ബാത് ടാലന്റ് ഹണ്ട് സീസൺ 5 ന്റെ ഫൈനൽ മത്സരം കഴക്കൂട്ടം മേനംകുളം ജ്യോതിസ് സെൻട്രൽ സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

ഫൈനലിൽ തെരെഞ്ഞെടുക്കപ്പെടുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിനും, കേന്ദ്ര മന്ത്രിമാരുമായി സംവദിക്കുന്നതിനും അവസരമുണ്ട്.

✪✪✪

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിൽ ആകെ 497 പേർ ഉള്ളതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറത്ത് 203 ഉം, കോഴിക്കോട്ട് 114 ഉം,

പാലക്കാട്ട് 178 ഉം, എറണാകുളത്ത് രണ്ടു പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 10 പേരാണ് ചികിത്സയിലുള്ളത്. ഒരാൾ ICU ചികിത്സയിലുണ്ട്.

✪✪✪

ആക്സിയം ബഹിരാകാശ ദൗത്യത്തിന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയ, ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല ഉൾപ്പെട്ട നാലംഗ സംഘം നാളെ ഭൂമിയിലേക്ക് യാത്ര തിരിക്കും. കാലാവസ്ഥ അനുകൂലമായെങ്കിൽ മാത്രമേ യാത്ര ആരംഭിക്കുകയുള്ളൂവെന്ന് നാസ വൃത്തങ്ങൾ അറിയിച്ചു.

ഇന്ത്യൻ സമയം നാളെ വൈകിട്ട് 4:35 ന് സ്റ്റേഷനിലെ ഹാർമണി മൊഡ്യൂളിന്റെ സ്പേസ്-ഫേസിംഗ് പോർട്ടിൽ നിന്ന് ശുഭാംശു ഉൾപ്പെടെ നാല് ബഹിരാകാശ സഞ്ചാരികളെയും വഹിച്ചുള്ള സ്പേസ് എക്സ് ഡ്രാഗൺ പേടകം വേർപെടും.

✪✪✪

പരമ്പരാഗത വൈദ്യശാസ്ത്രവുമായി, പ്രത്യേകിച്ച് ആയുഷ് സംവിധാനങ്ങളുമായി നിർമ്മിതബുദ്ധി സംയോജിപ്പിക്കുന്നതിൽ ഇന്ത്യയുടെ ശ്രമങ്ങളെ അംഗീകരിച്ച് ലോകാരോഗ്യ സംഘടന. "പരമ്പരാഗത വൈദ്യത്തിൽ നിർമ്മിത ബുദ്ധിയുടെ പ്രയോഗം" എന്ന തലക്കെട്ട് നൽകിയിരിക്കുന്ന ലഘുലേഖയിൽ, ആയുർവേദം, സിദ്ധ, യുനാനി, സോവ റിഗ്പ, ഹോമിയോപ്പതി എന്നിവയിൽ നിർമ്മിത ബുദ്ധി പ്രയോഗിക്കുന്നതിൽ ഇന്ത്യ കൈവരിച്ച പുരോഗതി WHO എടുത്തു പറഞ്ഞു.

✪✪✪

ശസ്ത്രക്രിയയുടെ പിതാവായി ആദരിക്കപ്പെടുന്ന ഇതിഹാസ ആചാര്യ സുശ്രുത ജയന്തിയോടനുബന്ധിച്ച് ഓൾ-ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ ദേശീയ സെമിനാർ ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. ജനറൽ സർജറി, അനോറെക്റ്റൽ സർജറി, യൂറോസർജിക്കൽ കേസുകൾ എന്നിവയുൾപ്പെടെ തത്സമയ ശസ്ത്രക്രിയാ പ്രദർശനങ്ങൾ ഇന്ന് സെമിനാറിൽ ഉണ്ടാകും.

✪✪✪

തെലുങ്ക് ചലച്ചിത്രനടനും മുൻ BJP MLA യുമായ കോട്ട ശ്രീനിവാസ റാവു അന്തരിച്ചു. ഹൈദരാബാദ് ജൂബിലി ഹിൽസിൽ ഫിലിം നഗറിലെ വസതിയിലായിരുന്നു 83 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

റിയൽ എസ്റ്റേറ്റ് സ്ഥാപനമായ പേൾസ് അഗ്രോടെക് കോർപ്പറേഷൻ ലിമിറ്റഡിൽ നടന്ന അഴിമതിക്കേസുമായി ബന്ധപെട്ട് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് 762 കോടി 47 ലക്ഷം രൂപയുടെ സ്വത്തുക്കൾ കണ്ടുകെട്ടി. ഓസ്ട്രേലിയയിലും, പഞ്ചാബ്, ഹരിയാന, ഡൽഹി, മഹാരാഷ്ട്ര എന്നിവിടങ്ങളിലുമാണ് E. D പരിശോധന നടത്തിയത്.

✪✪✪

സംസ്ഥാനത്തെ ജില്ലാപഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ കരട് റിപ്പോർട്ട് സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും ഈ മാസം 25 വരെ സമർപ്പിക്കാം. കരട് റിപ്പോർട്ട് ജൂലൈ 21 ന് പ്രസിദ്ധീകരിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ എ.ഷാജഹാൻ അറിയിച്ചിരുന്നു.

✪✪✪

ശബരിമലയിൽ തന്ത്രി കണ്ഠര് രാജീവരുടെ കാർമികത്വത്തിൽ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ നവഗ്രഹ ക്ഷേത്ര പ്രതിഷ്ഠ നടന്നു. മാളികപ്പുറം ക്ഷേത്രത്തിന്റെ മുന്നിൽ കിഴക്കുവടക്കുഭാഗത്തായാണ് നവഗ്രഹ ശ്രീകോവിൽ നിർമ്മിച്ചിട്ടുള്ളത്. നിലവിലെ നവഗ്രഹ ശ്രീകോവിൽ കൂടുതൽ അഭികാമ്യമായ സ്ഥലത്തേക്ക് മാറ്റി പ്രതിഷ്ഠിക്കണം എന്ന ദേവപ്രശ്നവിധി അനുസരിച്ചാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിച്ച് പ്രതിഷ്ഠ നടത്തിയത്.

✪✪✪

പ്രസിദ്ധമായ ആറന്മുള വള്ളസദ്യക്കാലത്തിനു തുടക്കമായി. വഞ്ചിപ്പാട്ടിന്റെ ഈരടികൾ മുഴങ്ങിയ അന്തരീക്ഷത്തിൽ ക്ഷേത്ര മുറ്റത്ത് ആന കൊട്ടിലിൽ പ്രത്യേകം തയാറാക്കിയ സ്ഥലത്ത് വിളക്കുകൊളുത്തി മന്ത്രി കെ.ബി ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. മന്ത്രി വീണ ജോർജ്, ആന്റോ ആന്റണി എംപി, പ്രമോദ് നാരായണൻ MLA, അവിട്ടം തിരുനാൾ ആദിത്യ വർമ, പള്ളിയോട സേവാസംഘം പ്രസിഡന്റ് കെ വി സാംബദേവൻ തുടങ്ങിയവർ തൂശനിലയിൽ ഭഗവാന് വിഭവങ്ങൾ വിളമ്പി.

പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ KSRTC ബജറ്റ് ടൂറിസം സെല്ലിന്റെ പഞ്ചപാണ്ഡവ ക്ഷേത്രദർശന യാത്രയുടെ ഭാഗമായി നടത്തുന്ന വള്ളസദ്യയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ നടക്കുന്ന തുരീയം സംഗീതോത്സവം ഇന്ന് സമാപിക്കും. തുടർച്ചയായ 111 ദിവസം പയ്യന്നൂരിനെ സംഗീത സാന്ദ്രമാക്കിയ ആഘോഷത്തിനാണ് തിരശ്ശീല വിഴുന്നത്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

............വോയ്സ് ...........

✪✪✪

ലോർഡ്സിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ നാലാം ദിവസമായ ഇന്ന് ഇംഗ്ലണ്ട് രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ചകഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം.

ഒന്നാം ഇന്നിംഗ്സ് അവസാനിച്ചപ്പോൾ ഇന്ത്യയ്ക്കും ഇംഗ്ലണ്ടിനും 387 റൺസെന്ന ഒരേ സ്കോറാണ്.

✪✪✪

ലണ്ടനിൽ വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനൽ ഇന്ന്. കിരീട പോരാട്ടത്തിൽ ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ യാനിക് സിന്നർ, ലോക രണ്ടാം നമ്പർ താരം സ്പെയിനിന്റെ കാർലോസ് അൽകാരസിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് തൃശൂർ മുതൽ കാസർഗോഡ് വരെ ഏഴു ജില്ലകളിൽ മഞ്ഞയാണ്.ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരളതീരത്ത് മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച, നിയമസഭ സമിതി ഈ മാസം 17 ന് മലപ്പുറം ജില്ലാ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിലെ പ്രവാസി മലയാളി സംഘടനാ പ്രതിനിധികളുമായും വ്യക്തികളുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും സമിതി ചർച്ച നടത്തി പരാതികൾ സ്വീകരിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: നിമിഷ ജി*
*NRTs: നിഷിത കുമാരി*
*DEO: ഷീബ*